# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.455

## 29-05-2019 ൽ മറുപടിക്ക്

### കിഫ്ബി മസാല ബോണ്ടുകൾ

| ചോദ്യം<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിലനിൽക്കുന്ന ഏറ്റവും ഉയർന്ന പലിശ നിരക്കിലാണോ വിറ്റഴിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | നിലവിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര വിപണിയിലെ പ്രാമാണികരീതികൾ അടിസ്ഥാനമാക്കിയാണ് പലിശനിരക്ക് നിശ്ചയിക്കപ്പെടുന്നത്. വ്യാപകമായ പ്രചാരണം ഉറപ്പുവരുത്തിയാണ് 2018 സെപ്റ്റംബർ 19-ാം തീയതി ലണ്ടൻ, സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ കിഫ്ബി മസാല ബോണ്ട് ലിസ്റ്റ് ചെയ്യപ്പെട്ടത്. സിംഗപ്പൂരിലും ഹോംങ്കോങ്ങിലും ലണ്ടനിലും ദുബായിലും വച്ച് സി.ഇ.ഒ.യുടെ നേതൃത്വത്തിലുള്ള കിഫ്ബിയുടെ ഉന്നതതല സംഘം നിക്ഷേപകരുമായി നടത്തിയ നിരവധി കൂടികാഴ്ചകളിൽ ഫലപ്രദമായ ചർച്ചകൾ നടന്നു. ഇത്തരത്തിൽ സുതാര്യമായി നടന്ന പ്രക്രിയകളിലൂടെയാണ് ഇപ്പോൾ കാണുന്ന പലിശനിരക്കായ 9.723% ൽ എത്തിച്ചേർന്നത്. |
| (ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾ എത്രവർഷത്തേക്കാണ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിരിക്കുന്നത്; മസാല ബോണ്ടുകളിലെ പലിശ തിരിച്ചടവ് ഏതൊക്കെ മാസങ്ങളിലാണെന്ന് അറിയിക്കുമോ; | കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 5 വർഷത്തേയ്ക്കാണ് ലിസ്റ്റ് ചെയ്തിരിക്കുന്നത്. 2019 മാർച്ച് മാസം ലഭ്യമായ മസാല ബോണ്ടിന്റെ പലിശ അർദ്ധ വാർഷികമായി എല്ലാ ആറു മാസം കൂടുമ്പോഴും തിരിച്ചടക്കേണ്ടതായുണ്ട്. മുതൽ 5 വർഷ കാലാവധി പൂർത്തിയാകുന്ന മുറയ്ക്കും തിരിച്ചടക്കണം. |
| (സി) കിഫ്ബിയുടെ മസാല ബോണ്ടുകളിലെ ഉയർന്ന പലിശ നിരക്ക് സംസ്ഥാന സമ്പദ് വ്യവസ്ഥയെ | വ്യക്തമായ അപഗ്രഥനങ്ങൾക്കും വിശകലനങ്ങൾക്കും ശേഷമാണ് കിഫ് ബിയുടെ കടമെടുപ്പ് - തിരിച്ചടവ് മാതൃക |

| | |
|---|---|
| ഏതുതരത്തിലാണ് ബാധിക്കാൻ പോകുന്നതെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | രൂപപ്പെടുത്തിയിട്ടുള്ളത്. കിഫ്ബി ധനസഹായത്തിനായി നിർദേശിക്കപ്പെട്ട പദ്ധതികളിൽ 80% ത്തോളം സാമൂഹിക മേഖലയിൽ നിന്നുള്ളതാണ്. ശേഷിക്കുന്ന 20% സ്വന്തം നിലക്ക് റവന്യൂ കണ്ടെത്തുവാൻ കഴിവുള്ളവയാണ്. കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ KIIF ആക്റ്റിൽ മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോളിനുള്ള സെസ്സിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഓരോ വർഷവും നിർബന്ധമായി കിഫ്ബിക്ക് കൈമാറണമെന്ന് സർക്കാരിനോട് അനുശാസിക്കുന്നു. കിഫ്ബിയുടെ എല്ലാ ബാധ്യതകളും പാലിക്കുവാൻ ഈ വരുമാനം മതിയാകും. KIIF ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തരത്തിലേ കിഫ്ബിയുടെ തിരിച്ചടവ് കടം ഉണ്ടാവുകയുള്ളൂ. അതിനാൽ അധികമായ ഒരു ബാധ്യതയും സംസ്ഥാനത്തിന് വരുമെന്ന് കരുതുന്നില്ല. നിലവിലെ ഡെബ്റ്റ് സസ്റ്റൈനബിലിറ്റി കണക്കുകൾ ഈ മാതൃകയിലുള്ള തിരിച്ചടവ് പ്രായോഗികമാണ് എന്ന് വ്യക്തമാക്കുന്നു.<br>നവീനമായ ഐ.ടി. അധിഷ്ഠിത ഉപകരണങ്ങളും സമ്പ്രദായങ്ങളും ഉപയോഗിച്ചാണ് കിഫ്ബി അതിന്റെ പണത്തിന്റെ ആവശ്യം വിശകലനം ചെയ്യുന്നത്. കടംവാങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികളിൽ വഴികാട്ടുവാൻ ഉത്തമമായ ആസ്തി ബാധ്യതാ നിർവ്വഹണരീതി (Asset Liability Management) സ്വീകരിച്ചിരിക്കുന്നു. അടിയന്തരമായി വേണ്ടത്, അല്പകാലത്തിനുള്ളിൽ വേണ്ടത്, കുറച്ചുകാലം കഴിഞ്ഞുവേണ്ടത്, ദീർഘകാലം കഴിഞ്ഞുവേണ്ടത് എന്നിങ്ങനെ പണമൊഴുക്കിനെ സംബന്ധിച്ച ക്രമപ്പെടുത്തിയ ഒരു രീതി കിഫ്ബിയെപ്പോലെ വായ്പ വാങ്ങുന്ന ഏജൻസി പാലിച്ചേ തീരൂ. ആവശ്യത്തിലധികമായ തുക അനാവശ്യമായി കൈയിൽവച്ചിരിക്കുന്നത് പലിശ ഇനത്തിൽ പൊതുമുതൽ പാഴായിപ്പോകാൻ ഇടവരും. |
| (ഡി) മസാല ബോണ്ടുകളിലെ പലിശ/മുതൽ (പ്രിൻസിപ്പൽ) തിരിച്ചടവ് സംബന്ധിച്ച രൂപരേഖ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | |

| | |
|---|---|
| | അടുത്ത ഒരു വർഷത്തെ ചുമതലകൾ നിറവേറ്റുവാൻ ആവശ്യമായി വരുന്ന പണം മാത്രമേ ഇപ്പോൾ കിഫ്ബി കൈവശം വച്ചിട്ടുള്ളൂ. കൂടുതൽ പണം ആവശ്യമുണ്ടെങ്കിൽ മാത്രം വിപണിയിലേക്കിറങ്ങുക എന്നതാണ് കിഫ്ബിയുടെ നയം. |
| (ഇ) സംസ്ഥാനത്തെ ഏതൊക്കെ പദ്ധതികളിലാണ് മസാല ബോണ്ടുകളിൽ നിന്നും ലഭിച്ച തുക വകയിരുത്തിയിരിക്കുന്നത്; അഞ്ചു വർഷം കൊണ്ട് പൂർത്തിയാക്കാൻ സാധിക്കുന്ന പദ്ധതികളിൽ മാത്രമാണോ മസാല ബോണ്ടുകളിൽ നിന്നും ലഭിച്ച തുക വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | മസാല ബോണ്ടുവഴി ലഭ്യമാക്കിയ തുക കിഫ്ബിയുടെ പദ്ധതി നിർവ്വഹണത്തിനായുള്ള പൊതുഫണ്ടിലേക്കാണ് എത്തിച്ചേരുന്നത്. ഇതിൽ നിന്നും ആവശ്യ സമയങ്ങളിൽ പദ്ധതി നടത്തിപ്പിനായി ഉപയോഗിക്കുന്നു. ഇവയിൽ പലകാലയളവിൽ പൂർത്തിയാകുന്ന പദ്ധതികളും ഉൾപ്പെടുന്നു. ഒട്ടുമിക്ക പദ്ധതികളും 5 വർഷകാലയളവിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നവയാണ്. |

സെക്ഷൻ ഓഫീസർ